"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.കംപ്യൂട്ടർ സെൽ /6/2019-പൊ.ഭ.വ
പൊതുഭരണ (ഇ അഡ്മിനിസ്ട്രേഷൻ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 16-03-2023

## സർക്കുലർ

വിഷയം:- പൊതുഭരണ വകുപ്പ്- ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിക്കേണ്ട സാക്ഷ്യപത്രങ്ങൾ ഡിജിറ്റൽ ഒപ്പോടുകൂടി ഇലക്ട്രോണിക് രൂപത്തിൽ അഡ്വക്കേറ്റ് ജനറലിന് കൈമാറുന്നത് സംബന്ധിച്ച് നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു

സൂചന:- കേരള ഹൈക്കോടതി രജിസ്ട്രാർ ജനറൽ പുറപ്പെടുവിച്ച DI-1/111660/2022 നം 14.03.2022 തീയതി ഗസ്സറ്റ് വിജ്ഞാപനം

**********************

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ സമർപ്പിക്കേണ്ട സാക്ഷ്യപത്രങ്ങളും അഭിഭാഷകരുടെ വക്കാലത് നാമയും ഡിജിറ്റൽ ഒപ്പോടുകൂടി സ്വീകരിക്കുവാനായി ഹൈക്കോടതി റൂളുകളിൽ ആവശ്യമായ ഭേദഗതികൾ സൂചന വിജ്ഞാപനം പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഓഫിസുകളും അഡ്വക്കേറ്റ് ജനറൽ ഓഫിസുമായുള്ള എല്ലാ ആശയവിനിമയങ്ങളും ഇലക്ട്രോണിക് രൂപത്തിൽ നടത്തുവാൻ മാനേജ്മന്റ് ഇൻഫർമേഷൻ സിസ്റ്റം ഫോർ അഡ്വക്കേറ്റ് ജനറൽ ഓഫീസ് (MISAGO) ഇതിനകം തന്നെ അഡ്വക്കേറ്റ് ജനറൽ ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനത്തെ ഇ-ഓഫീസുമായി സംയോജിപ്പിക്കുവാൻ കോർട്ട് കേസ് ഇൻഫർമേഷൻ സിസ്റ്റം (CCIS) തയ്യാറാക്കുകയും അത് ഇ-ഓഫിസിൽ 'ഇ ഓഫീസ് സർവീസസ്' ആയി ഇതിനകം തന്നെ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

വകുപ്പ് സെക്രട്ടറിമാർ കക്ഷികളായി ഹൈക്കോടതിയിലും, കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലും ഫയൽ ചെയ്യപ്പെടുന്ന കേസുകളിൽ അഡ്വക്കേറ്റ് ജനറൽ ഓഫിസും സെക്രട്ടറിയറ്റുമായുള്ള എല്ലാവിധ ആശയവിനിമയങ്ങളും 'പേപ്പർലസ്' ആയി ഇലക്ട്രോണിക് സംവിധാനത്തിലൂടെ CCIS ലൂടെ കൈമാറ്റം ചെയ്യുന്നതിന് സെക്രട്ടറിയറ്റിലെ എല്ലാ ജീവനക്കാർക്കും ഇതിനകം തന്നെ പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള സംവിധാനങ്ങൾ നിലവിൽ വന്നതിനാൽ ഹൈക്കോടതിയിൽ ഫയൽ ചെയ്യുവാനുള്ള സാക്ഷ്യപത്രങ്ങൾ സാക്ഷ്യപ്പെടുത്തുന്നതിനായി ഉദ്യോഗസ്ഥർ അഡ്വക്കേറ്റ് ജനറൽ ഓഫിസിലേക്ക് പോകേണ്ട സാഹചര്യം ഉദിക്കുന്നില്ല. ആയതിനാൽ താഴെപ്പറയുന്ന അടിയന്തിര നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i. സർക്കാർ വകുപ്പ് സെക്രട്ടറിമാർ കക്ഷികളായുള്ള കേസുകളിൽ ഇനിമുതൽ അഡ്വക്കറ്റ്ജനറൽ ഓഫീസുമായുള്ള എല്ലാ ആശയ വിനിമയങ്ങളും ബന്ധപ്പെട്ട

ഉദ്യോഗസ്ഥരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഇ-ഓഫിസിലെ കോർട്ട് കേസ് ഇൻഫർമേഷൻ സംവിധാനത്തിലൂടെ മാത്രം നടത്തേണ്ടതാണ്.

ii. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്യുവാനുള്ള സാക്ഷ്യപത്രങ്ങൾ ഒപ്പിടുന്നതിനായി ഉദ്യോഗസ്ഥർ അഡ്വക്കേറ്റ്ജനറൽ ഓഫിസിലേക്ക് യാത്ര നടത്തുവാൻ പാടുള്ളതല്ല. ഇത്തരത്തിലുള്ള യാത്രകൾ അനുവദിക്കാതിരിക്കാൻ മേലുദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

iii. അത്യാവശ്യവും അതീവപ്രധാന്യമുള്ളതുമായ വിഷയങ്ങളിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ഗവണ്മെന്റ് പ്ലീഡറുമായി ചർച്ച ചെയ്ത സാക്ഷ്യപത്രം തയ്യാറാക്കേണ്ടതുണ്ടെങ്കിൽ അതിനായി വകുപ്പ് സെക്രട്ടറിയുടെ അനുമതി തേടേണ്ടതാണ്. വിഷയത്തിന്റെ പ്രാധാന്യം പരിശോധിച്ച് മാത്രം ഇത്തരത്തിൽ അനുമതി നൽകാൻ ബന്ധപ്പെട്ട സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

iv. കോർട്ട് കേസ് ഇൻഫർമേഷൻ സിസ്റ്റം (CCIS) ഇ -ഓഫീസ് വഴി എല്ലാ ഓഫിസിലും അടിയന്തിരമായി ലഭ്യമാക്കുവാൻ അതത് വകുപ്പ് മേധാവികൾ എൻ ഐ സി യുമായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കേണ്ടതാണ്.

v. കോർട്ട് കേസ് ഇൻഫർമേഷൻ സംവിധാനം ഇ- ഓഫിസിൽ ലഭ്യമാക്കുന്നത് വരെ മറ്റ് ഓഫിസുകൾ ഡിജിറ്റലായി ഒപ്പിട്ട സാക്ഷ്യപത്രങ്ങൾ ഇ- ഓഫീസിലെ ഇ-ഡെസ്പാച് സംവിധാനം വഴി അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ 'MISAGO' സംവിധാനത്തിലേക്ക് അയച്ച നൽകേണ്ടതാണ്

ഉത്തരവിൻ പ്രകാരം

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്ഷൻ ഓഫീസർ.

പകർപ്പ്

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം

എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും

എല്ലാ സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡിഷണൽ സെക്രട്ടറി മാർക്കും , ജോയിന്റ് സെക്രട്ടറിമാർക്കും .

എല്ലാ വകുപ്പ് മേധാവികൾക്കും

സെക്രട്ടറിയറ്റിലെ അസിസ്റ്റന്റ് തലം മുതൽ ഡെപ്യൂട്ടി സെക്രട്ടറിവരെയുള്ള എല്ലാ ജീവനക്കാർക്കും

പകർപ്പ് :

ചീഫ് സെക്രട്ടറിയുടെ ഓ എസ് ഡി

പൊതുഭരണ അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി എ